പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1484 — 10/02/2020- ൽ മറുപടിയ്ക്ക്

# റബ്ബർ കർഷകർക്കുള്ള സബ്സിഡി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) റബ്ബർ കർഷകർക്കുള്ള സബ്സിഡി നിർത്തലാക്കി പകരം വായ്പ പദ്ധതി നടപ്പാക്കുമെന്ന കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ തീരുമാനം സംസ്ഥാനത്തെ റബ്ബർ കർഷകരെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) നിലവിൽ കേന്ദ്രവാണിജ്യ മന്ത്രാലയത്തിന്റെ ഇത്തരം തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മുപ്പത് വർഷം മുമ്പ് റബ്ബർ ബോർഡ് നടപ്പാക്കി പരാജയപ്പെട്ടത് മൂലം ഉപേക്ഷിച്ച പദ്ധതിയാണ് ഇപ്പോൾ വീണ്ടും കൊണ്ടുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വായ്പാധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ റബ്ബർബോർഡ് നടത്തിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ഇതുവരേയും രൂപകല്പന നടത്താത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. |
| (സി) റബ്ബർ ബോർഡിലെ ജീവനക്കാരുടെ എണ്ണം പകുതിയായി കുറച്ചും റബ്ബർ ബോർഡിന്റെ പ്രവർത്തനം ഘട്ടം ഘട്ടമായി അവസാനിപ്പിക്കുവാനുമുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (സി) റബ്ബർ ബോർഡിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനും ഓഫീസുകൾ നിർത്തലാക്കുന്നതിനെതിരെ കേന്ദ്ര വാണിജ്യമന്ത്രിയ്ക്ക് രണ്ട് തവണ നേരിൽ സമർപ്പിച്ച് നിവേദനം നൽകിയിട്ടുണ്ട്. റബ്ബർ ബോർഡ് പുനസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2019 നവംബറിൽ അംഗീകരിച്ച പദ്ധതി പ്രകാരം റബ്ബർ ബോർഡിലെ ജീവനക്കാരുടെ എണ്ണം ഘട്ടംഘട്ടമായി 2022-23 വർഷത്തോടെ 1649 ൽ നിന്നും 905 ആയി കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു. |

| | |
|---|---|
| (ഡി) റബ്ബർ കർഷകർക്ക് ആവർത്തന കൃഷിക്ക് നൽകിക്കൊണ്ടിരുന്ന സബ്സിഡി നിർത്തലാക്കിയത് മൂലം ഉണ്ടായ ബുദ്ധിമുട്ട് കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) ഫണ്ടിന്റെ അപര്യാപ്തതയും മറ്റ് സാങ്കേതിക കാരണങ്ങളും കാരണം റബ്ബർ ബോർഡ് ആവർത്തന കൃഷിയ്ക്ക് നൽകി കൊണ്ടിരിക്കുന്ന സബ്സിഡി അപേക്ഷകൾ സ്വീകരിക്കുന്നത് കേന്ദ്ര സർക്കാർ തത്ക്കാലം തടഞ്ഞുവച്ചിരിക്കുകയാണ്. 01/02/2020-ൽ അവതരിപ്പിച്ച കേന്ദ്രബഡ്ജറ്റ് പ്രകാരം 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 242 കോടി രൂപ റബ്ബർ ബോർഡിന് വകയിരുത്തിയിട്ടുണ്ട്. സബ്സിഡി വെട്ടിക്കുറച്ചതും അനുവദിയ്ക്കാത്തതും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനുകൂലമായ നടപടി ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**